പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

18 .12.2014-ൽ

മറുപടിയ്ക്ക്

നക്ഷത്രചിഹ്നമിടാത്ത

ചോദ്യം നം. 4758

# 'ഭൂനികുതി ഇനത്തിൽ പിരിച്ചെടുക്കാൻ ലക്ഷ്യമിട്ട തുക'

ചോദ്യം

ശ്രീ. സി. ദിവാകരൻ

മറുപടി

ശ്രീ.അടൂർ പ്രകാശ്

റവന്യൂവും കയറും വകുപ്പ് മന്ത്രി

(എ) 2012-13, 2013-14 വർഷങ്ങളിൽ ഭൂനികുതി ഇനത്തിൽ പിരിച്ചെടുക്കാൻ ലക്ഷ്യമിട്ട തുക പിരിച്ചെടുക്കാൻ കഴിയാത്തതിൻെറ കാരണം പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്താണ്;

(എ) സംസ്ഥാനത്ത് ഭൂനികുതി (ലാന്റ് ടാക്സ്) ഇനത്തിൽ 2012-2013 സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം പിരിച്ചെടുക്കുവാൻ ലക്ഷ്യമിട്ടിരുന്ന തുകയുടെ 32.27 ശതമാനവും 2013-2014 സാമ്പത്തിക വർഷം പിരിച്ചെടുക്കുവാൻ ലക്ഷ്യമിട്ടിരുന്ന തുകയുടെ 33.68 ശതമാനവും പിരിച്ചെടുക്കുവാൻ കഴിഞ്ഞിരുന്നില്ല. പ്രസ്തുത വർഷങ്ങളിലെ ഭൂനികുതി പിരിവ് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:-

| സാമ്പത്തിക വർഷം | ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം പിരിച്ചെടുക്കാൻ പ്രസ്തുത സാമ്പത്തിക വർഷത്തിൽ ലക്ഷ്യം വച്ചിരുന്ന തുക (തുക ലക്ഷത്തിൽ) | പ്രസ്തുത സാമ്പത്തിക വർഷത്തിൽ പിരിച്ചെടുത്ത തുക (തുക ലക്ഷത്തിൽ) | പ്രസ്തുത സാമ്പത്തിക വർഷത്തിൽ ലക്ഷ്യമിട്ടതിൽ പിരിച്ചെടുത്ത തുകയുടെ ശതമാനം | പ്രസ്തുത സാമ്പത്തിക വർഷത്തിൽ ലക്ഷ്യമിട്ടതിൽ പിരിച്ചെടുക്കാൻ കഴിയാത്ത തുകയുടെ ശതമാനം |
|---|---|---|---|---|
| 2012-2013 | 6499.75 | 4402.31 | 67.73% | 32.27% |
| 2013-2014 | 7499.75 | 4973.88 | 66.32% | 33.68% |

ബഡ്ജറ്റ് എസ്റ്റിമേറ്റ് പ്രകാരം പ്രതീക്ഷിച്ചിരുന്ന ഭൂനികുതി വരുമാനം 2012-2013 സാമ്പത്തിക വർഷത്തിൽ 65 കോടിയായിരുന്നുവെങ്കിലും പ്രസ്തുത സാമ്പത്തിക വർഷത്തിൽ ലാന്റ് ടാക്സ് ഇനത്തിൽ , ആകെ ഉണ്ടായിട്ടുള്ള ഡിമാന്റ് 43.29 കോടി രൂപയാണ്. പ്രസ്തുത ഡിമാന്റിൽ നൂറ് ശതമാനവും (104.15%) 2012-2013 സാമ്പത്തിക വർഷത്തിൽ പിരിച്ചെടുത്തിട്ടുള്ളതാണ്. 2013-2014 സാമ്പത്തിക വർഷത്തിൽ ഭൂനികുതി ഇനത്തിൽ ഉണ്ടായിട്ടുള്ള ആകെ ഡിമാന്റ് 47.38 കോടി രൂപ ആയിരുന്നു. പ്രസ്തുത ഡിമാന്റിലെ 100 ശതമാനം തുക 2013-2014 സാമ്പത്തിക വർഷം പിരിച്ചെടുത്തിട്ടുള്ളതാണ്. ബഡ്ജറ്റ് എസ്റ്റിമേറ്റിൽ താരതമ്യേന കൂടുതൽ തുക പിരിവ് ലക്ഷ്യമാക്കി നിശ്ചയിച്ച് വരുന്നതും ആയതനുസരിച്ചുള്ള ഡിമാന്റ് പ്രസ്തുത സാമ്പത്തിക വർഷത്തിൽ വരാത്തതുമായ സാഹചര്യത്തിലാണ് ടി പട്ടിക പ്രകാരമുള്ള പിരിവിലെ കുറവ് വന്നിട്ടുള്ളത്.

സെക്ഷൻ ഓഫീസർ